# കേരള സർവകലാശാല

നം.പി.ആർ.154/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

**ബിരുദപ്രവേശനം അപേക്ഷിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 25വരെ നീട്ടിയിരിക്കുന്നു.**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്ട്സ് & സയൻസ് കോളേജുകളിലേയും യു.ഐ.റ്റി കളിലെയും ബിരുദപ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 25 വൈകുന്നേരം 5 മണി വരെ നീട്ടിയിരിക്കുന്നു.

**പരീക്ഷാഫലം**

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സ്.സി ബയോടെക്നോളജി (മൾട്ടി മേജർ) (2 b) പരീക്ഷയുടെ (2017 അഡ്മിഷൻ റെഗുലർ, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 26 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

**പ്രാക്ടിക്കൽ വൈവ പരീക്ഷ**

2020 മെയ്-ൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സ്.സി ഹോംസയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ആഗസ്റ്റ് 24 മുതൽ 27 വരെയുള്ള തീയതികളിലും എം.എ സോഷ്യോളജി നാലാം സെമസ്റ്റർ വൈവ പരീക്ഷകൾ ആഗസ്റ്റ് 19 മുതൽ 21 വരെയുള്ള തീയതികളിലും നടത്തും. കെ.എൻ.എം ഗവ കോളേജുകളിലെ വൈവ പരീക്ഷകൾ ലയോള കോളേജിൽ വച്ചു നടത്തുന്നതാണ്. മറ്റു കോളേജുകളിലെ പരീക്ഷകൾ അതത് കോളേജുകളിൽ വച്ചു നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ജൂലൈ ആറിനും ഏഴിനും നടത്തേണ്ടിയിരുന്ന ബി.എ ആറാം സെമസ്റ്റർ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ (MU 1645-Concert) ആഗസ്റ്റ് 18 ന് ഗവ വിമൻസ് കോളേജിലും ആഗസ്റ്റ് 9 ന് എൻ.എസ്സ്.എസ്സ് നീറമൺകരയിലും രാവിലെ 9.30 മുതൽ നടത്തുന്നതാണ്.

2020 ജൂൺ മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സ്.സി ബോട്ടണി & ബയോടെക്നോളജി, ബി.എസ്സ്.സി ബയോടെക്നോളജി (മൾട്ടിമേജർ), ബി.എസ്സ്.സി ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സുകളുടെ മാറ്റിവെച്ച എല്ലാ പ്രാക്ടിക്കൽ പരീക്ഷകളും അതത് കോളേജുകളിൽ ആഗസ്റ്റ് 19 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എൻ.എസ്സ്.എസ്സ് കോളേജ് പന്തളത്തിലെയും സെയ്ൻറ് സ്റ്റീഫൻ കോളേജ് പത്തനാപുര ത്തിലെയും നാലാം സെമസ്റ്റർ എം.എസ്സ്.സി സുവോളജി പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 19 മുതലും ശേഷിച്ച അഫിലിയേറ്റഡ് കോളേജുകളിലേത് സെപ്തംബർ 15 മുതലും നടത്തുന്ന താണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഡിജിറ്റൽ ഗാർഡനുള്ള ഇന്ത്യയിലെ ആദ്യത്തെ സർവകലാശാലയായി
കേരള സർവകലാശാല.

ഡിജിറ്റൽ ഗാർഡനുള്ള ഇന്ത്യയിലെ ആദ്യത്തെ സർവകലാശാലയെന്ന ഖ്യാതി കേരള സർവകലാശാലക്ക് സ്വന്തം. പാളയം സെനറ്റ് ഹൗസ് കാമ്പസിൽ ഡിജിറ്റൽ ഗാർഡന്റെ ഉൽഘാടനം വൈസ് ചാൻസലർ പ്രൊഫ.വി.പി.മഹാദേവൻ പിള്ള നിർവഹിച്ചു. കാര്യവട്ട ത്തെയും പാളയത്തെയും കാമ്പസുകളിൽ പന്തലിച്ചു നിൽക്കുന്ന 250 ലധികം വൃക്ഷങ്ങളാണ് ഡിജിറ്റൈസ് ചെയ്യപ്പെട്ടത്. വൃക്ഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യൂ.ആർ കോഡുകൾ മൊബൈൽ ഫോണിന്റെ സഹായത്തോടെ സ്കാൻ ചെയ്താൽ ആ വൃക്ഷത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ചിത്രങ്ങളും ലഭിക്കും എന്നുള്ളതാണ് ഡിജിറ്റൽ ഗാർഡന്റെ പ്രത്യേകത. സർവക ലാശാല സസ്യശാസ്ത്ര വിഭാഗം ഗവേഷകൻ അഖിലേഷ് എസ്.വി നായർ, പ്രൊഫ.എ.ഗംഗാ പ്രസാദിന്റെ മേൽനോട്ടത്തിൽ, സർവകലാശാല കമ്പ്യൂട്ടർ സെന്ററിന്റെ സഹായത്തോടെ യാണ് പദ്ധതി പൂർത്തീകരിച്ചത്. പ്രൊഫ.എ.ഗംഗാപ്രസാദ്, അഖിലേഷ് കൂട്ടുകെട്ടിന്റെ മൂന്നാ മത്തെ ഡിജിറ്റൽ ഗാർഡൻ പദ്ധതിയാണ് ഇത്. നേരത്തെ കനകക്കുന്ന്, കേരള രാജ്ഭവൻ എന്നിവിടങ്ങളിലെ വൃക്ഷങ്ങൾ മുഴുവൻ ഡിജിറ്റൈസ് ചെയ്ത് ഇവർ ശ്രദ്ധ നേടിയിരുന്നു. കേരള പി.എസ്.സി, നിയമസഭ എന്നിവിടങ്ങളിലെ വൃക്ഷങ്ങളുടെ ഡിജിറ്റൈസിംഗ് നടന്നു കൊണ്ടിരിക്കുകയാണെന്നും ഉടൻ പൂർത്തിയാക്കുമെന്നും പ്രൊഫ.എ.ഗംഗാപ്രസാദ് അറിയി ച്ചു. (ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്).

വൈവാ-വോസി പരീക്ഷകൾ

ശ്രീ വിദ്യാധിരാജ കോളേജ് കരുനാഗപ്പള്ളിയിലേയും നാഷണൽ കോളേജ് അമ്പലത്തറയിലേയും ബി. എസ്. ഡബ്ല്യൂ ആറാം സെമസ്റ്റർ ഡിഗ്രി പരീക്ഷകളുടെ മാറ്റിവച്ച വൈവാ-വോസി പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 19, 21 തീയതികളി.ൽ അതതു കേന്ദ്രങ്ങളി.ൽ വച്ച് നടത്തുന്നതാണ്.

2020 ജൂലൈയി.ൽ നടത്തിയ നാലാം സെമസ്റ്റര് എം. എസ്. സി. അനലിറ്റിക്കൽ / അപ്പ്ളൈഡ് കെമസ്ട്രി പരീക്ഷകളുടെ പ്രാകടിക്ക.ൽ പരീക്ഷയും വൈവയും ഓഗസ്റ്റ് 18 ന ആരംഭിക്കുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
17.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098